DESABHIMANI - 05-09-2024

# മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾ നൽകി

**പള്ളുരുത്തി**

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം (സിഫ്റ്റ്) ചെല്ലാനം കണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘവുമായി ചേർന്ന് പട്ടികജാതി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന സാമഗ്രികൾ നൽകി. എഫ്ആർപി (ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്) വള്ളം, ഔട്ട്ബോർഡ് എൻജിനുകൾ, കോരുവലകൾ, വലകൾക്ക് ആവശ്യമായ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവയാണ് ചെല്ലാനത്ത് വിതരണം ചെയ്തത്. ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി.

സിഫ്റ്റ് ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം പി രമേശൻ, എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവി ഡോ. നികിത ഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. മഞ്ജു ലക്ഷ്മി, ചെല്ലാനം കണ്ടക്കടവ് മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണസംഘം പ്രസിഡന്റ് പി വി വിൽസൺ, കെഎസ്എംടിഎഫ് സെക്രട്ടറി വി എസ് പൊടിയൻ, ടി വി ഷിജി തയ്യിൽ, ഷിംല ജോസി, ഓമന ബൈർളി എന്നിവർ സംസാരിച്ചു.